ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-മുളക്കുളം ഗ്രാമ പഞ്ചായത്ത് - എം. സാന്റ് നിർമ്മാണ യൂണിറ്റ് കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: മുളക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 05.02.2019 ലെ A3/2962/2018 നമ്പർ കത്ത്.

==================================================================================

**ഉത്തരവ് നമ്പർ C/295/2019/D.Dis, തീയതി : 02.03.2019.**

==================================================================================

കോട്ടയം ജില്ലയിലെ, മുളക്കുളം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുളക്കുളം വില്ലേജിൽ, റീ സർവ്വെ നമ്പർ 578 ൽ പെട്ട 4047ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 200 ച.മീറ്റർ വിസ്തീർണ്ണമുള്ള എം. സാന്റ് നിർമ്മാണ യൂണിറ്റ് നിർമ്മിക്കുന്നതിന് KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണം ക്രമവൽക്കരണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേതാണ്.
5. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
6. ചട്ടം 61(7) പ്രകാരം അഗ്നിസുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം
7. ചട്ടം 61 (17) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.
8. പ്രസ്തുത വ്യവസായ സ്ഥാപനം മൂലമോ വ്യവസായ സ്ഥാപനത്തിന്റെ പ്രവർത്തനം മൂലമോ പരിസര വാസികൾക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
9. പ്ലോട്ടിലേയ്ക്ക് പ്രവേശന മാർഗ്ഗമായി കാണിച്ചിട്ടുള്ള പ്രൈവറ്റ് റോഡ് ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട വസ്തു ഉടമസ്ഥനിൽ നിന്നും അനുമതി പത്രം ഹാജരാക്കിയതിന് ശേഷമേ നിർമ്മാണ അനുമതി നൽകാവൂ.

10. ചട്ടം 61(8) അനുസരിച്ച് സാനിറ്റേഷൻ സൗകര്യങ്ങൾ പൂർണ്ണമായും ഉറപ്പു വരുത്തണം.

11. പ്രദേശത്ത് മറ്റ് നിർമ്മാണ നിയന്ത്രണം നിലവിലില്ല എന്ന സെക്രട്ടറി ഉറപ്പു വരുത്തണം.

12. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

13. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-11 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കരണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ 15/19/KTM ഉള്ളടക്കം ചെയ്യുന്നു.

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
മുളക്കുളം ഗ്രാമ പഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം
പിൻ - 686 001
ഫോൺ: 2564160
കോട്ടയം

പകർപ്പ് : 1. ശ്രീമതി. ജയ
കാര്യാത്തു വീട്
കാരിക്കോട്, ചേർത്തല

2. അധികം -1

MD/03.03.19